# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2917

07.12.2018-ലെ മറുപടി

### ശബരിമലയിലെ കുടിവെള്ള വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ശബരിമലയിൽ നിലവിൽ എത്ര ലക്ഷം ലിറ്റർ കുടി വെള്ളമാണ് ദിവസേന ആവശ്യമായി വരുന്നത്; | (എ) | ശബരിമലയിൽ ദിവസേന, ഒരാൾക്ക് 5 ലിറ്റർ എന്ന തോതിൽ ഉദ്ദേശം 5 ലക്ഷം ലിറ്റർ സുരക്ഷിത കുടിവെള്ളം ആവശ്യമാണ് . മറ്റുള്ള ആവശ്യങ്ങൾക്ക് ഒരാൾക്ക് 70 ലിറ്റർ എന്ന തോതിൽ 70 ലക്ഷം ലിറ്റർ ജലം പ്രതിദിനം ആവശ്യമായി വരുന്നു .<br>നിലയ്ക്കലിൽ അധികമായി പ്രതിദിനം 3 ദശ ലക്ഷം ലിറ്റർ ശുദ്ധജലവും (ഒരാൾക്ക് 30 ലിറ്റർ എന്ന തോതിൽ) ആവശ്യമായി വരുന്നു . |
| (ബി) | ഇതിൽ എത്ര ലിറ്റർ വെള്ളമാണ് ലഭ്യമാക്കാൻ സാധിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ ദിവസേന റിവേഴ്സ് ഓസ്മോസിസ് പ്രക്രിയയിലൂടെ ശുദ്ധീകരിച്ച് ലഭിക്കുന്ന 6,60,000 ലിറ്റർ സുരക്ഷിത കുടിവെള്ളം ലഭ്യമാക്കുന്നുണ്ട് . മറ്റുള്ള ആവശ്യങ്ങൾക്കായി പ്രതിദിനം 130 ലക്ഷം ലിറ്റർ ജലം ആവശ്യാനുസരണം ലഭ്യമാക്കി വരുന്നു . കൂടാതെ നിലയ്ക്കലിൽ 5,40,000 ലിറ്റർ സുരക്ഷിത കുടിവെള്ളം വിതരണം ചെയ്തു വരുന്നു . ഒപ്പം 30 ലക്ഷം ലിറ്റർ ശുദ്ധജലവും മറ്റാവശ്യങ്ങൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ